# രംഗ ബോധമുള്ള കോമാളി ( കഥ)

സുമംഗല മെല്ലെ കണ്ണുകൾ തുറക്കാൻ ശ്രമിച്ചു....വയ്യ... ങ്ഹേ..താനിതെവിടെയാണ്...അവൾ ചുറ്റുപാടും നോക്കി ആശുപത്രിയാണല്ലോ...

പെട്ടെന്ന് മുറിയിലാകെ രൂക്ഷ ഗന്ധം വന്നു പിന്നാലെ കറുത്ത പുകച്ചുരുളുകൾ ഉയർന്നുവരാൻ തുടങ്ങി ശ്വാസമെടുക്കാനവൾ നന്നേബുദ്ധിമുട്ടി.
ഇതെവിടുന്നാണ് വരുന്നത്....ക്രമേണ പുകച്ചുരുളുകൾ കറുത്ത രൂപമായി മാറി..... ആ രൂപം തന്റെ അടുക്കലേക്ക് വരുന്നത് കണ്ടവൾ ഉറക്കെ നിലവിളിക്കാൻ ശ്രമിച്ചു. നാഡീ ഞരമ്പുകൾക്ക് ശക്തിയില്ല..എത്ര ശ്രമിച്ചിട്ടും തനിക്കനങ്ങാൻ പോലും പറ്റുന്നില്ലല്ലോ..

പേടിച്ച് വിറച്ചു കൊണ്ടവൾ ചോദിച്ചു.ആരാ... ണ് .... നിങ്ങൾ.......

അത് കേട്ട് ചിരിച്ചു കൊണ്ട് ആരൂപം പറഞ്ഞു...എന്നെ മനസ്സിലായില്ലേ.......നിങ്ങൾ മനുഷ്യർ ചിലപ്പോഴൊക്കെ എന്നെ രംഗ ബോധമില്ലാത്ത കോമാളിയെന്ന് വിളിക്കാറുണ്ട്. ഹഹ....ഹ....പക്ഷേ നിങ്ങളുടെ കാര്യത്തിൽ ആ ആക്ഷേപം തെറ്റാണ് കേട്ടോ....

എന്നിട്ടും മനസ്സിലായില്ലേ .....
ഞാൻ മരണമെന്ന ശാശ്വതമായ സത്യമാണ്......

ങ്ഹേ.... മരണമോ......

അതെ മരണം തന്നെ......ഹ....ഹ....ഹ.....

ങ്ഹേ..... എന്റടുക്കൽ വരേണ്ട..... പോ...... പോ.....

ഹ....ഹ....നിന്നെ കൊണ്ട് പോകാനാണ് വന്നിരിക്കുന്നത്... ഇതാ ഒരു കയ്യകലത്തിൽ ഞാനുണ്ട് വാ പോകാം

അയ്യോ......ഇല്ല .....ഞാൻ വരില്ല ......എനിക്കെന്റെ ഭർത്താവിന്റേം മക്കൾടേം കൂടെ ജീവിക്കണം.......

അത് പറ്റില്ല നിന്റെ ആയുസ്സ് കഴിയാറായിരിക്കുന്നു.....

ഇല്ല .....ഞാൻ വരില്ല.....എനിക്ക് ജീവിക്കണം....... ഇത്രയും കാലം ഞാൻ കഷ്ടപ്പെട്ട് സമ്പാദിച്ചത് എനിക്കും മക്കൾക്കും സുഖമായി ജീവിക്കാൻ വേണ്ടിയാണ്. അവരെ വിട്ട് ഞാനെവിടേക്കും വരില്ല.

നിന്റെ ആയുസ്സ് കഴിയാറായിരിക്കുന്നു.

നിങ്ങൾക്ക് തെറ്റ് പറ്റിയതാ
എന്റെ ജാതകത്തിൽ എൺപത്താറ് വയസ്സ് വരെ ആയുസ്സ് ഉണ്ടല്ലോ.

അതുകേട്ട് ചിരിച്ചു കൊണ്ട് ആ രൂപം പറഞ്ഞു. എനിക്ക് തെറ്റ് പറ്റിയിട്ടൊന്നുമില്ല .
നിന്റെ നെഞ്ചിൽ ഈ മുറിവ് പറ്റിയതെങ്ങിനെയാണെന്ന് ഓർമ്മയുണ്ടോ.....

സുമംഗല ഓർത്തെടുക്കാൻ ശ്രമിച്ചു ......

ങ്ഹാ ........അത് ......
പിന്നെ.......

പറയൂ..... കേൾക്കട്ടെ.

എന്റെ മക്കൾക്കൊരബദ്ധം പറ്റിയതാണ്.....

ഹ... ഹ...ഹ അബദ്ധമോ..... പെറ്റമ്മയുടെ നെഞ്ചിൽ കത്രിക കൊണ്ട് കുത്തി കൊല്ലുന്നതാണോ നിങ്ങളീ പറഞ്ഞ അബദ്ധം....

സുമംഗല മടിച്ച് ......മടിച്ച് പറഞ്ഞു അത് പിന്നെ അവരെന്നോട് കുറച്ച് പണം ചോദിച്ചു....... അത് തരാൻ പറ്റില്ലെന്ന് പറഞ്ഞപ്പോൾ കുട്ടികൾക്ക് ദേഷ്യം വന്നു...... ടേബിളിൻമേൽ ഉണ്ടായിരുന്ന കത്രിക എടുത്ത് ..... എന്നെ...... പേടിപ്പിക്കാൻ ചെയ്തതായിരിക്കും....
എനിക്കിങ്ങനെ അപകടം പറ്റുമെന്നവർ കരുതിയിട്ടുണ്ടാവില്ല...... പാവം......

അങ്ങനാണെങ്കിൽ നീ ചോര വാർന്ന് പിടയുമ്പോൾ മക്കൾ രണ്ടു പേരും ബാഗിലുണ്ടായിരുന്ന കാശുമെടുത്ത് ഓടുമായിരുന്നോ....

ങ്ഹേ....അപ്പോൾ അവരല്ലേ എന്നെ ഇവിടെ കൊണ്ടുവന്നത്.

അല്ല ......ജോലിക്കാരിയും അടുത്ത വീട്ടിലുള്ളവരും ചേർന്നാണ്...

അത് കേട്ടപ്പോൾ
സുമംഗലയ്ക്ക് തന്റെ പൊക്കിൾക്കൊടി മുറിച്ച് മാറ്റുമ്പോഴുണ്ടായതിനേക്കാൾ വേദന തോന്നി.

ഹ....ഹ....ഹ
താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടും എന്ന് പറയുന്നത് വെറുതെയല്ല സുമംഗലേ .....നിന്റെ മാതാപിതാക്കൾ പ്രാരാബ്ധങ്ങൾക്കിടയിലും കടലോളം സ്നേഹം തന്നല്ലേ വളർത്തിയത് അവരുടെ നല്ല കാലം മുഴുവൻ നിന്റെ സന്തോഷങ്ങൾക്കായി ചിലവഴിച്ചില്ലേ....എന്നിട്ട് നീ എന്താ ചെയ്തത്.... ഒരു ദാക്ഷിണ്യവുമില്ലാതെ അവരെ വൃദ്ധ സദനത്തിൽ കൊണ്ട് നടതള്ളിയില്ലേ . അന്ന് നിന്റെ ആയുസ്സ് തിരുത്തിയെഴുതിയതാ ...

അത് കേട്ട് സുമംഗല പറഞ്ഞു അവരോട് ദേഷ്യമുണ്ടായിട്ടൊന്നുമല്ല ഞാനങ്ങനെ ചെയ്തത് മക്കൾ സ്കൂള് വിട്ട് വന്നാൽ പഠിയ്ക്കാൻ പുസ്തകമെടുക്കാതെ രണ്ടു പേരും അച്ഛന്റേം അമ്മയുടെയും മുറിയിലായിരിക്കും അവരോട് സ്കൂളിലെ വർത്തമാനങ്ങളൊക്കെ പറഞ്ഞിരിയ്ക്കും ...ഇന്നത്തെ കാലത്ത് പഠിയ്ക്കാതിരുന്നാൽ അവരുടെ ഭാവി എന്തായിരിക്കും എന്നോർത്തിട്ടാ..... ഞാൻ.......

ഹ.ഹ.... നല്ല കാരണം ......
അങ്ങനെ ചെയ്തിട്ടു നിന്റെ മക്കൾടെ ഭാവി എന്താണെന്നറിയുമോ.മൂത്തവനെ റിമാൻഡ് ചെയ്ത് ജയിലിലേക്കയച്ചു.ഇളയവനെ ജുവൈനൽ ഹോമിലേക്കും....

എന്തിന്..... സുമംഗല അമ്പരപ്പോടെ ചോദിച്ചു.

പെറ്റമ്മയെ കൊല്ലാൻ നോക്കിയ കുറ്റത്തിന് ....

ഇല്ല ..... അവരൊരു തെറ്റും ചെയ്തില്ല....

അവർ ചെയ്തതിനൊക്കെ ദൃക്സാക്ഷിയുണ്ട്.ഞാനൊരു കാര്യം ചോദിച്ചോട്ടേ...... നിങ്ങൾ ശരിക്കും അവരുടെ അമ്മ തന്നെയാണോ....

സത്യമായിട്ടും ഞാനവരുടെ
പെറ്റമ്മ തന്നെയാ..... ഈ വയറ്റിലാണ് അവരെ രണ്ടു പേരെയും പത്തു മാസം കൊണ്ടു നടന്നത്....

ഹ......ഹ.....ഹ..പ്രസവിച്ചത് കൊണ്ട് മാത്രം ഒരിക്കലും ഒരു സ്ത്രീയും അമ്മയാകുന്നില്ല. ഒരമ്മ മക്കളെ പോറ്റേണ്ടത് എങ്ങനെയാണെന്ന് നിങ്ങൾക്കറിയാമോ......

ങ്ഹും.....ഞാൻ സ്നേഹിച്ചത് പോലെ ലോകത്തൊരമ്മയും മക്കളെ സ്നേഹിച്ചിട്ടുണ്ടാവില്ല. ഈ പ്രായം വരെ ഒരു കുറവും വരുത്താതെയാ വളർത്തിയത്.സുമംഗല തുടർന്നു ഒരു പാട് കഷ്ടപ്പെട്ടാ ഞാൻ പഠിച്ചതും വളർന്നതുമൊക്കെ .......ചെറുപ്പത്തിൽ ഒരു നേരം മാത്രമാ ഭക്ഷണം പോലും കഴിച്ചിരുന്നത് . മാറിയുടുക്കാൻ ഒരു നല്ല വസ്ത്രം പോലുമുണ്ടായിരുന്നില്ല. ഒത്തിരി കഷ്ടപ്പെട്ട് പഠിച്ചാ ജോലി സമ്പാദിച്ചത്... ഒരിക്കലും എന്റെ മക്കൾ അതുപോലെ കഷ്ടപ്പെടാൻ പാടില്ലെന്ന് കരുതിയാ വേണ്ടുന്നതെല്ലാം ആവശ്യപ്പെടുന്നതിന് മുൻപേ വാങ്ങിച്ചു കൊടുത്തത് ....വിശപ്പെന്താണെന്നറിഞ്ഞിട്ടില്ല അവരിതുവരെ...... മക്കളെങ്കിലും എല്ലാ സുഖ സൗകര്യങ്ങളും അനുഭവിച്ച് ജീവിക്കണമെന്ന് ആഗ്രഹിച്ചത് തെറ്റാണോ...

ഹ.....ഹ....ഹ..... അവിടാണ് നിങ്ങൾക്ക് തെറ്റ് പറ്റിയത് സ്നേഹം എന്ന വാക്കിനെ പണത്തിന്റെ അളവ് കോലായി നിങ്ങൾ കണ്ടു..... ആവശ്യത്തിനും അനാവശ്യത്തിനും പണം കൊടുത്ത് ശീലമാക്കി ഒടുവിലത് കിട്ടാതെ വന്നപ്പോൾ അവർക്ക് നിയന്ത്രിക്കാനായില്ല...

കുട്ടികളെ നോക്കാൻ വീട്ടുജോലിക്കാരിയെ വെച്ചു ..... നിങ്ങളെപ്പോലെ അവരും കാശ് മാത്രം മുന്നിൽ കണ്ട് കൊണ്ട് അവരുടെ ജോലി എളുപ്പത്തിലാക്കാൻ പെട്ടെന്നുണ്ടാക്കാൻ പറ്റുന്ന ഫാസ്റ്റ് ഫുഡ് കൊടുത്ത് കുഞ്ഞുങ്ങളെ ടെലിവിഷന് മുൻപിൽ ഇരുത്തി കഴിപ്പിച്ചു ശീലിപ്പിച്ച് അവരുടെ ചിന്താശേഷി തന്നെ ഇല്ലാതാക്കി. അവരുടെ ലോകം കാർട്ടൂണിലും കമ്പ്യൂട്ടർ ഗെയിമിനുമിടയിലാക്കി.

നേരെ മറിച്ച് ആ സ്ഥാനത്ത് നിങ്ങളുടെ മാതാപിതാക്കളായിരുന്നെങ്കിൽ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കാവശ്യമായ നാടൻ ഭക്ഷണങ്ങൾ ഉണ്ടാക്കിക്കൊടുത്ത് നല്ല കഥകൾ പറഞ്ഞ് കൊടുത്ത് അവരെ കഴിപ്പിച്ചേനേ..... അങ്ങനെ കഴിപ്പിക്കുമ്പോൾ ഭക്ഷണത്തിന്റെ കൂടെ കൊച്ചുമക്കൾക്ക് നല്ല ശീലങ്ങളും കലർപ്പില്ലാത്ത സ്നേഹവും വിളമ്പിയേനേ.

സുമംഗല നിശബ്ദം കേട്ടിരുന്നു.

നിന്റെ മക്കൾക്ക് അച്ഛനെന്നാൽ വല്ലപ്പോഴും ലീവിന് നാട്ടിൽ വരുമ്പോൾ അവർക്ക് ഇഷ്ടമുള്ളതൊക്കെ കൊണ്ടുവരുന്ന ഒരാൾ മാത്രമല്ലേ ....

കാശിനോടുള്ള ആർത്തി മൂലമല്ലേ നാട്ടിലുണ്ടായിരുന്ന നല്ലൊരു ജോലിയും രാജി വെപ്പിച്ച് അയാളെ നീ വിദേശത്തേക്ക് പറഞ്ഞയിച്ചത്..... ഒരച്ഛന്റെ സ്നേഹമെന്താണെന്ന് മക്കളറിഞ്ഞിട്ടുണ്ടോ. പോട്ടെ

അമ്മയെന്നാൽ അവരുണരുന്നതിന് മുൻപേ ജോലിക്ക് പോയി സന്ധ്യയാകുമ്പോൾ വീട്ടിൽ കയറി വരുന്ന ഒരുവൾ ...

.

യാത്രാ ക്ഷീണവും ജോലിയുടെ സ്ട്രെസ്സും കാരണം നീ എപ്പഴെങ്കിലും മക്കളുടെ അടുത്തിരുന്ന് സ്നേഹത്തോടെ സംസാരിച്ചിട്ടുണ്ടോ. സ്കൂളിൽപോകാൻ തുടങ്ങിയതിന് ശേഷം എപ്പഴെങ്കിലും മക്കളെ കെട്ടിപ്പിടിച്ച് നെറുകയിൽ ഉമ്മവെച്ചിട്ടുണ്ടോ.... ഇല്ല .....ഒരച്ഛന്റെയും അമ്മയുടെയും സ്നേഹം കിട്ടി വളർന്ന മക്കൾ ഒരിക്കലും ഇങ്ങനെ ആകുമായിരുന്നില്ല.......

സുമംഗല ആലോചിച്ച് നോക്കി..... ഈ പറഞ്ഞതൊക്കെ ശരിയായ കാര്യമാണ്...... ഞാൻ .....എനിക്ക് എപ്പഴും തിരക്കായിരുന്നു. എപ്പഴും നോട്ടമുണ്ടായിരുന്നത് ഡിപ്പാർട്ട് മെന്റ് പരീക്ഷയിലായിരുന്നു. എൽഡി ക്ലാർക്കായി കയറിയ താൻ ഉറക്കമൊഴിച്ചിരുന്ന് പഠിച്ചിട്ടായിരുന്നു ഇപ്പോഴുള്ള ഓഫീസർ തസ്തികയിലെത്തിയത്. ഇടയ്ക്ക് കിട്ടിയിരുന്ന പ്രമോഷനിലായിരുന്നു
തന്റെ സന്തോഷം മുഴുവൻ . അതിന്റിടയ്ക്ക് സ്വന്തം അച്ഛനമ്മമാരെക്കുറിച്ചോ...
ഭർത്താവിന്റച്ഛനമ്മമാരെക്കുറിച്ചോ ഓർത്തില്ല ...ഞാൻ ..എനിക്ക് എപ്പഴും തിരക്കായിരുന്നു.
ഓഫീസിലായാലും വീട്ടിലായാലും...... മക്കൾ എന്താവശ്യം പറഞ്ഞ് കാശ് ചോദിച്ചാലും എന്തിനാണെന്ന് പോലും ചോദിക്കാതെ താനവർക്ക് കൊടുക്കാറുണ്ടായിരുന്നു.. എട്ടാം ക്ലാസിലെത്തിയപ്പോൾ കമ്പ്യൂട്ടറും പ്ലസ്ടു കഴിഞ്ഞപ്പോൾ ബൈക്കും വാങ്ങിച്ച് കൊടുത്തു പണ്ടത്തെ കാലമല്ലല്ലോ ഒരുപാട് ആവശ്യങ്ങളുള്ള ത ല്ലേന്ന് കരുതി മാസം ഒരു തുക ഞാനും അവരുടച്ഛനും പോക്കറ്റ് മണിയായി കൊടുക്കാറുണ്ടായിരുന്നു.

ഹ.......ഹ...... ഹ
അവിടാണ് നിങ്ങൾ അമ്മമാർക്ക് തെറ്റ് പറ്റുന്നത്. പഠിയ്ക്കുന്ന മക്കൾ ഇടയ്ക്കിടെ കാശ് ചോദിക്കുമ്പോൾ എന്തിനാണെന്ന് ചോദിച്ചറിഞ്ഞ് കോളേജിൽ അല്ലെങ്കിൽ സ്കൂളിൽ വിളിച്ച് എന്തിനാണ് പണം എന്ന് ചോദിച്ചറിഞ്ഞിട്ട് വേണം കൊടുക്കാൻ..... നിങ്ങളത് ചെയ്യില്ല ...ആദ്യമൊക്കെ ചോദിക്കാതെ കാശ് കൊടുത്ത് ശീലമാക്കി അത് കിട്ടാതാകുമ്പോൾ കാണാതെ എടുക്കാനും തുടങ്ങി..മൂത്തവൻ ലഹരി ഉപയോഗിക്കുന്നത് ഇളയവൻ കണ്ട് പിടിച്ചതോടെ അമ്മ അറിയരുതെന്നും പറഞ്ഞ് അവനെയും അതിനടിമയാക്കി. അവരുറങ്ങാതെ മുറിയടച്ചിരുന്ന് രാത്രിയിൽ
എന്താ ചെയ്യുന്നതെന്ന് നിങ്ങളൊരിക്കലും ശ്രദ്ധിച്ചില്ല . ഒരു നേരമെങ്കിലും മക്കൾടെ കൂടെ ഒരുമിച്ച് ഭക്ഷണം കഴിക്കുകയെങ്കിലും ചെയ്തിരുന്നെങ്കില് അവർ
ലഹരി ഉപയോഗിക്കാൻ തുടങ്ങിയത് നിങ്ങളറിഞ്ഞേനേ..... നല്ല കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് മക്കളെ വളർത്തേണ്ടത് മതാപിതാക്കളാണ് .
ഒരു കുടുംബം നന്നായാലേ നല്ലൊരു സമൂഹത്തെ സൃഷ്ടിക്കാനാകു എന്നാൽ മാത്രേ ഒരു നാട് നന്നാകു.

നിങ്ങളെ കാണുമ്പോൾ എനിക്ക് മഹാഭാരത കഥയിലെ കൗരവരുടെ അമ്മയായ ഗാന്ധാരിയെയാണ്. ബുദ്ധിയും സൗന്ദര്യവും എല്ലാ കഴിവുകളും വേണ്ടതിലധികം ഉണ്ടായിട്ടും കാഴ്ചയില്ലാത്ത ധൃതരാഷ്ട്രരെ മുൻ നിർത്തി രാജഭരണം നടത്താൻ എല്ലാവരും ഉപദേശിച്ചിട്ടും അതൊന്നും ചെവിക്കൊള്ളാതെ സ്വന്തം ഇഷ്ടപ്രകാരം പതിവ്രത ചമഞ്ഞ് ഭർത്താവിനില്ലാത്ത കാഴ്ച തനിക്കും വേണ്ടെന്ന് ശഠിച്ച് സ്വന്തം ജീവിതം ഇരുട്ടിലാക്കി മക്കളുടെ കൊള്ളരുതായ്മയ്ക്കെല്ലാം നിശബ്ദം കൂട്ട് നിന്നിട്ട് അവർക്ക് എന്താ സംഭവിച്ചത്...... തന്റെ നൂറ് മക്കളും മരിച്ച് കിടക്കുന്നത് കാണേണ്ടി വന്നില്ലേ. ആ സ്ത്രീ കണ്ണുകൾ മൂടികെട്ടാതെ മക്കൾക്ക് നല്ലത് മാത്രം പറഞ്ഞ് കൊടുത്ത് അവരെ നേർവഴിക്ക് വളർത്തിയിരുന്നെങ്കിൽ കുരുക്ഷേത്ര യുദ്ധം തന്നെ ഉണ്ടാകുമായിരുന്നോ...

പൂർവ്വികർ ഇതിഹാസങ്ങളെഴുതി വെച്ചത് എന്തിനാണെന്നറിയുമോ മനുഷ്യർ അതിൽ നിന്നും നല്ല കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്താനും വേണ്ടാത്തത് തിരസ്കരിക്കാനുമാണ്.... എത്രയൊക്കെ കഥകൾ നിങ്ങളെപ്പോലുള്ളവർക്ക് പൂർവ്വികർ പറഞ്ഞ് തന്നിട്ടുണ്ട് .....അതൊന്നും ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ആർക്കും നേരമില്ലല്ലോ... മിക്കവരും പണത്തിന് പിന്നാലെയുള്ള ഓട്ടത്തിലല്ലേ .

ഒരു നിമിഷം ചിന്തിച്ച് നോക്കിയേ....... നിനക്കും ഭർത്താവിനും നല്ല ജോലി
രണ്ടു മക്കളും അച്ഛനും അമ്മയും അടങ്ങുന്ന സന്തുഷ്ട കുടംബം നിങ്ങൾക്ക് മക്കൾടെ കാര്യം നോക്കാൻ സമയമില്ലെങ്കിലും അപ്പൂപ്പനും അമ്മൂമ്മയും അവരുടെ കാര്യങ്ങളെല്ലാം നോക്കുന്നു.... രാത്രി എല്ലാവരും കളിതമാശകളെക്കെ പറഞ്ഞ് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നു. അവധി ദിവസങ്ങളിൽ എല്ലാവരും കൂടി എവിടേക്കെങ്കിലും യാത്രപോകുന്നു അങ്ങനെ കൊച്ചു കൊച്ചു സന്തോഷങ്ങളുമായി സുഖമായി അല്ലലില്ലാതെ ജീവിക്കാമായിരുന്നില്ല അങ്ങനെ കിട്ടുന്ന മനസുഖം പണത്തിനോ പൊന്നിനോ തരാൻ കഴിയില്ല..... കൂടുമ്പോൾ ഇമ്പമുള്ളതാ കുടുംബമെന്ന് നിങ്ങൾ മനസ്സിലാക്കിയില്ല....... ഒരു പാട് ജൻമങ്ങൾ കഴിഞ്ഞല്ലേ ഒരു മനുഷ്യ ജന്മം കിട്ടുന്നത്. അത് പാഴാക്കിക്കളഞ്ഞില്ലേ...

സുമംഗല  കരഞ്ഞു കൊണ്ട് പറഞ്ഞു.എനിക്ക് തെറ്റു പറ്റിപ്പോയി...... തിരുത്താൻ എനിക്കൊരവസരം തരു. ഞാൻ ....... എനിക്കും ജീവിക്കണം ......

ഹ......ഹ ..... സുമംഗലേ
സമയം ആർക്ക് വേണ്ടിയും കാത്തു നിൽക്കില്ല അതുകൊണ്ട് വാ.... നമുക്ക് പോകാം ......
ചെറുത്ത് നിൽക്കാൻ നോക്കിയെങ്കിലും
ആ രൂപം അവരെ കീഴ്പ്പെടുത്തിക്കളഞ്ഞു....

ഡോക്ടർമാർ ഐസിയുവിലേക്ക് ഓടി വന്നു...കുറച്ചു സമയം കഴിഞ്ഞ് പുറത്തേക്ക് വന്നിട്ട് സുമംഗലയുടെ ഭർത്താവിനോടായി പറഞ്ഞു..സോറി....ഞങ്ങൾ പരമാവധി നോക്കി..... പക്ഷേ ....

ശുഭം.